Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

19th June 2022

## മട്ടന്നൂർ മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് : കരട് വോട്ടർപട്ടിക 20 ന്

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കരട് വോട്ടർപട്ടിക ജൂൺ 20 ന് പ്രസിദ്ധീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. അർഹരായ വോട്ടർമാർക്ക് പേര് ചേർക്കുന്നതിന് ജൂലൈ 4 വരെ അപേക്ഷ നൽകാം. അന്തിമ പട്ടിക ജൂലൈ 18 ന് പ്രസിദ്ധീകരിക്കും.

2022 ജനുവരി 1 നോ അതിനു മുമ്പോ 18 വയസ്സ് പൂർത്തിയായവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ട്. www.lsgelection.kerala.gov.in സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷ നൽകേണ്ടത്. പട്ടികയിലെ വിവരങ്ങൾ തിരുത്തുന്നതിനും സ്ഥാനമാറ്റം വരുത്തുന്നതിനും ഓൺലൈൻ അപേക്ഷകളാണ് നൽകേണ്ടത്. പേര് നീക്കം ചെയ്യുന്നതിനുള്ള ആക്ഷേപങ്ങൾ ഫാറം 5 ൽ നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം. മുനിസിപ്പൽ സെക്രട്ടറിയാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ.

35 വാർഡുകളിലെ നിലവിലുള്ള വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് കരട് തയ്യാറാക്കിയത്. കരട് പട്ടികയിൽ ആകെ 36247 വോട്ടർമാരുണ്ട്. 17185 പുരുഷന്മാരും 19060 സ്ത്രീകളും 2 ട്രാൻസ്ജെൻഡറുകളും. മുനിസിപ്പാലിറ്റി ഓഫീസിലും താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും കരട് പട്ടിക പ്രസിദ്ധീകരിക്കും. കമ്മീഷന്റെ വെബ്സൈറ്റിലും ലഭ്യമാക്കും.

പ്രവാസി ഭാരതീയർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ട്. പാസ്പോർട്ടിലെ മേൽവിലാസം ഉൾക്കൊള്ളുന്ന വാർഡിലാണ് പേര് ചേർക്കേണ്ടത്. വിദേശപൗരത്വം സ്വീകരിക്കാതെ വിദേശത്ത് താമസിക്കുകയും 2022 ജനുവരി 1 ന് 18 വയസ്സ് പൂർത്തിയായവർക്കുമാണ് പേര് ചേർക്കാൻ യോഗ്യതയുള്ളത്. ഇതിന് www.lsgelection.kerala.gov.in സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യണം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടിൽ ഒപ്പ് രേഖപ്പെടുത്തി പാസ്പോർട്ടിന്റെ കോപ്പി സഹിതം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാലിലൂടെയോ ലഭ്യമാക്കുകയും വേണം.

*(എസ്.ഇ.സി.18/2022)*